**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2805** **12-07-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായുള്ള നഷ്ടപരിഹാരം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് ചക്കിട്ടപ്പാറ പഞ്ചായത്തിലെ ചെമ്പനോട, മുതുകാട്, ചെങ്കോട്ടക്കൊല്ലി, പൂഴിത്തോട്, പേരാമ്പ്ര എസ്റ്റേറ്റ് ഭാഗങ്ങളിൽ എന്തൊക്കെ നടപടികളാണ് കൈകൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ച് പരിധിയിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ ചെമ്പനോട, മുതുകാട്, ചെങ്കോട്ടകൊല്ലി, പൂഴിത്തോട്, പേരാമ്പ്ര എസ്റ്റേറ്റ് ഭാഗങ്ങളിലാണ് കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് കൂടുതലായി കണ്ടുവരുന്നത്. പെരുവണ്ണാമൂഴി റെയിഞ്ച് പരിധിയിൽ വിവിധ ഭാഗങ്ങളിലായി ആകെ 30.30 കി.മീ പ്രവർത്തനക്ഷമമായ സോളാർ ഫെൻസിംഗ് നിലവിലുണ്ട്. കുരുമുളക് തോട്ടം - ചെങ്കോട്ടകൊല്ലി ഭാഗത്ത് 2 കി.മീ. ആന കിടങ്ങ് നിർമ്മിച്ചിട്ടുണ്ട്. പ്രതിരോധ നടപടികൾ വിപുലമാക്കുന്നതിന്റെ ഭാഗമായി പ്ലാൻ ഉണ്ടാക്കുകയും പെരുവണ്ണാമൂഴി റെയിഞ്ചിൽ 18 കി.മീ. ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് നബാർഡ് സ്കീമിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ നാട്ടിലിറങ്ങുന്ന കാട്ടാനകളെ വനത്തിലേക്ക് തുരത്തിയോടിക്കുന്നതിന് NMR വാച്ചർമാരെ നിയോഗിക്കുകയും വന്യമൃഗശല്യം രൂക്ഷമായ പ്രദേശത്ത് ജനപങ്കാളിത്തത്തോടെ സാമൂഹ്യമാധ്യമ കൂട്ടായ്മ രൂപീകരിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നുണ്ട്. പെരുവണ്ണാമൂഴി റെയിഞ്ചിൽ വന്യമൃഗശല്യം രൂക്ഷമായ ചക്കിട്ടപ്പാറ പഞ്ചായത്തിലെ രണ്ടാം ചീളി, താളിപ്പാറ, മാവട്ടം, കരിങ്ങണ്ണി എന്നിവിടങ്ങളിലെ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള റീ ലൊക്കേഷൻ കിഫ്ബി സഹായത്തോടെ നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായി നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടും ഇതുവരെ ലഭിക്കാത്ത എത്ര കർഷകരുണ്ടെന്നും, അവർക്ക് എന്നത്തേക്ക് ആനുകൂല്യം ലഭിക്കുമെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായി നഷ്ടപരിഹാരത്തിന് അപേക്ഷിച്ച 132 കർഷകർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതുവരെ ആനുകൂല്യം നൽകാൻ |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അവരുടെ ആനുകൂല്യം ഉടൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ